# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30.11.2018-ലെ മറുപടി
ചോദ്യം നമ്പർ:1014

## ആറൻമുള നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴ ശ്ശേരി എന്നീ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്ന പുറമറ്റത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾക്ക് ഒന്നാം ഘട്ടത്തിൽ 42.35 കോടി രൂപയുടെ ഭരണാനുമതി 30.03.2017-ൽ ലഭിക്കുക യുണ്ടായി. ഈ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. ലാന്റ് അക്വിസിഷൻ നടപടികൾക്കെതിരെ വസ്തു ഉടമ നൽകിയ കേസ് ഇപ്പോൾ നിലനിൽക്കുന്നു. സ്ഥലം ലഭ്യമായാൽ ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്.<br>ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തു കൾകൂടി ഉൾപ്പെടുന്ന പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി പഞ്ചാ യത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടി വെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള പദ്ധതി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | പദ്ധതിക്കുവേണ്ടി 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ജലസംഭരണികളും ട്രാൻസ്മിഷൻ മെയിനുകളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ആയത് നിർവ്വഹിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകുന്നതും തുടർന്ന് സർക്കാരിൽ നിന്നും കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുന്നതുമാണ്. |
| (ബി) | ആറൻമുള നിയോജകമണ്ഡലത്തിലെ മല്ലപ്പുഴശ്ശേരി -കോഴഞ്ചേരി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ബാക്കിയുണ്ടെന്നും എന്നത്തേക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ? | (ബി) | ഇലന്തൂർ-മല്ലപ്പുഴശ്ശേരി കുടിവെള്ള പദ്ധതി യുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ജല ശുദ്ധീകരണ ശാലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. രണ്ടാം ഘട്ട ത്തിൽ ഉൾപ്പെടുത്തിയ സോൺ-1-ലെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കി. സോൺ 3 ലെ പ്രവൃത്തി കരാർ നൽകി പൈപ്പുകൾ സപ്ലൈ ചെയ്തു തുടങ്ങി. ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അംഗീകാരം ലഭിച്ച ഘടകങ്ങൾ 2019 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>കോഴഞ്ചേരി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽപ്പെട്ട ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിങ് മെയിൻ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഒന്നാം ഘട്ടത്തിൽപ്പെട്ട ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾക്ക് 2017 സെപ്റ്റംബറിൽ എഗ്രിമെന്റ് വച്ചെങ്കിലും കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതിനാൽ കരാർ റദ്ദാക്കി വീണ്ടും ദർഘാസ് വിളിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് 2019 ജൂൺ മാസത്തിൽ അംഗീകാരം ലഭിച്ച ഘടകങ്ങൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**